# ആദാമും യേശുക്രിസ്തുവും

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: റോമ. 5.**

**മനഃപാഠവാക്യം : "വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്. നാം നില്ക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവൻമൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം തേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു." (റോമർ. 5:1,2).**

നീതീകരണം അല്ലെങ്കിൽ ദൈവത്തിന്റെ അംഗീകാരം യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ എന്ന ആശയം പൗലൊസ് തന്റെ റോമാലേഖനത്തിൽ ശക്തമായിത്തന്നെ വെളിപ്പെടുത്തി. നമ്മുടെ ദൈവവുമായുള്ള നല്ല ബന്ധത്തിന് യേശുക്രിസ്തുവിന്റെ നീതീമാത്രം മതി. ആ സത്യത്തിന്റെ അടിസ്ഥാനത്തിൽ പൗലൊസ് കൂടുതൽ വ്യക്തമായ വിശദീകരണം ഈ വിഷയത്തിൽ നൽകുന്നു. പ്രവൃത്തിയാൽ അല്ല രക്ഷ. രക്ഷ വിശ്വാസത്താൽ ആണ്. അബ്രഹാമിനെപ്പോലെ നീതിമാനായ ചിലരുടെ ജീവിതത്തിലേക്ക് പൗലൊസ് കണ്ണോടിക്കുമ്പോൾ പാപത്തിന്റെ കാരണം എന്ത്; കഷ്ടതയുടെയും മരണത്തിന്റെയും ഹേതു എന്ത്, എന്ന് അന്വേഷിക്കുകയും, എല്ലാറ്റിന്റെയും പരിഹാരം യേശുക്രിസ്തുവിൽ ആണെന്നും, മാനവരാശിക്കായി യേശുക്രിസ്തു എന്താണ് ചെയ്തതെന്നും, വ്യക്തമായി ചൂണ്ടിക്കാണിക്കുന്ന ഒരു ചിത്രം പൗലൊസിന് ലഭിക്കുന്നു.

ഒരു മനുഷ്യന്റെ എന്നുവെച്ചാൽ ആദാമിന്റെ വീഴ്ച മുഖാന്തരം മനുഷ്യവർഗ്ഗം മുഴുവനായി ശിക്ഷാവിധിയിൽ ആയി. ദൈവത്തിൽനിന്നും അന്യപ്പെട്ടുപോയി. മരണവും സംഭവിച്ചു. എന്നാൽ ഒരുത്തന്റെ വിജയത്താൽ, എന്നുവച്ചാൽ, യേശുവിന്റെ ജയത്താൽ ലോകജനത മുഴുവനും പ്രത്യേക പദവിക്ക് അവകാശികളായി. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അവരുടെ പാപത്തിന്റെ പട്ടികയും ശിക്ഷയും പരിപൂർണ്ണമായി ദൂരീകരിക്കപ്പെട്ടു. ക്ഷമിക്കപ്പെട്ടു. എന്നന്നേക്കുമായി മാപ്പിനർഹമായി.

പൗലൊസ് ആദാമിനെയും യേശുക്രിസ്തുവിനെയും താരതമ്യം ചെയ്ത് വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു. ആദാം ചെയ്തതെല്ലാം നിഷ്ഫലമാക്കാനാണ് ക്രിസ്തു വന്നത്. ആദാം പാപം ചെയ്തതുമൂലം ഇരകളായ എല്ലാവർക്കും രക്ഷകനായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷ പ്രാപിക്കാൻ കഴിയും എന്നു കാണിച്ചുകൊടുത്തു. ഇതിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ കുരിശും നമ്മുടെ (പാപികളുടെ) പകരക്കാരനായുള്ള അവന്റെ മരണവും ആണ്. തന്മൂലം എല്ലാ മനുഷ്യർക്കും, യെഹൂദനെന്നോ, യവനനെന്നോ വ്യത്യാസം ഇല്ലാതെ രക്ഷയിലേ

ക്കുള്ള വഴി തുറന്ന്, അതിൻ പ്രകാരം ക്രിസ്തുവിന്റെ രക്തത്തിൽ വിശ്വസിക്കുന്ന ഏവനും നീതീകരണം പ്രാപിക്കാൻ യോഗ്യതയായി.

വാസ്തവത്തിൽ വളരെ വ്യക്തമായ വിശദീകരണം നൽകേണ്ട വിഷയമാണ് ഇത്. നമ്മുടെ എല്ലാ പ്രത്യാശയുടെയും അടിസ്ഥാനവും ഇതു തന്നെയാണ്.

**ഞായർ** **നവംബർ 5**

**വിശ്വാസത്താൽ നീതീകരണം.**

**വായിക്കുക. റോമ.5:1–5.**

ഈ വരികളുടെ അടിയിലായി പൗലൊസിന്റെ ദൂത് ചുരുക്കത്തിൽ എഴുതുക. ഇതിൽനിന്നും നിങ്ങൾ എന്തു പഠിക്കുന്നു?

നീതീകരിക്കപ്പെടുന്നു എന്നുവച്ചാൽ അക്ഷരാർത്ഥത്തിൽ നീതീകരിക്കപ്പെട്ട തായി കണക്കാക്കാം. ഗ്രീക്കു ഭാഷയിൽ നീതീകരിക്കപ്പെടുന്നു എന്ന ക്രിയാപദം പൂർത്തീകരിക്കപ്പെട്ട ക്രിയാപദമായി (നീതീകരിക്കപ്പെട്ടു) നിലകൊള്ളുന്നു. നമ്മൾ നീതീകരിക്കപ്പെട്ടു എന്ന് പ്രഖ്യാപിക്കപ്പെടുന്നു. അല്ലെങ്കിൽ നീതീകരിക്കപ്പെട്ടതായി അംഗീകരിക്കപ്പെടുന്നു. അങ്ങനെ അംഗീകരിക്കപ്പെടുന്നത് ഒരു ന്യായപ്രമാണത്തി ന്റെയും പ്രവൃത്തി മൂലമല്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതു കൊണ്ടാണ്. യേശുക്രിസ്തു ഈ ഭൂമിയിൽ സമ്പൂർണ്ണമായ ഒരു ജീവിതം നയിച്ചതു കൊണ്ടും, ന്യായപ്രമാണം സമ്പൂർണ്ണമായി അനുസരിച്ചതുകൊണ്ടുമാണ് നമുക്ക തെല്ലാം മുതൽക്കൂട്ടായിത്തീർന്നത്.

നമ്മുടെ എല്ലാ പാപഭാരവും യേശുവിൽ അർപ്പിക്കുക. ആ പാപങ്ങൾ എല്ലാം നമ്മൾ അല്ല, യേശുക്രിസ്തു ചെയ്തതായിട്ട് ദൈവം അംഗീകരിക്കുന്നു. അതുകൊണ്ട് നമുക്ക് ലഭിക്കേണ്ട ശിക്ഷ യേശുക്രിസ്തുവിൽ ആയി. നമുക്കുവേണ്ടി അവൻ സഹിച്ചു. തന്മൂലം ആ ശിക്ഷയിൽനിന്നും നാം ഒഴിവുള്ളവരായി.

ഗ്ലോറി അല്ലെങ്കിൽ മഹത്വം എന്ന് റോമ. 5:3 ൽ ഭാഷാന്തരം ചെയ്ത ഗ്രീക്ക് പദം 'സന്തോഷിപ്പിൻ' എന്ന് റോമ. 5:2. ൽ മൊഴിമാറ്റിയിരിക്കുന്നു റോമ.5:3 ൽ ഭാഷാന്തരം ചെയ്ത ഗ്ലോറി അല്ലെങ്കിൽ മഹത്വം എന്ന പദം സന്തോഷിപ്പീൻ എന്ന് റോമ.5:2 ൽ ഭാഷാന്തരം ചെയ്തിരുന്നെങ്കിൽ റോമ.5:3; റോമ.5:2 ഇവ തമ്മിലുള്ള ബന്ധം കൂടുതൽ വ്യക്തതയോട് കാണാൻ കഴിയുമായിരുന്നു. നീതീകരിക്കപ്പെട്ട വ്യക്തിക്ക് കൊടിയ ദുരുതത്തിലും സന്തോഷിപ്പാൻ കഴിയും, കാരണം അവർ അവരുടെ വിശ്വാ സവും, പ്രത്യാശയും യേശുക്രിസ്തുവിലാണ് അർപ്പിച്ചിരിക്കുന്നത്. ദൈവം എല്ലാം നന്മയ്ക്കായി കൊടുക്കുമെന്ന ഉറച്ച വിശ്വാസം അവർക്കുണ്ട് ദൈവത്തിനായി കഷ്ടം സഹിക്കുന്നത് ബഹുമാനം എന്നവർകരുതുന്നു" കാണുക 1 പത്രൊ. 4:13.

**ശ്രദ്ധിക്കുക: റോമ. 5:3 –5 ന്റെ മുന്നോട്ടുള്ള ഗതി.**

1. ക്ഷമ (സഹനശക്തി). ഹപ്പോമോൺ (hupomone) എന്ന ഗ്രീക്കു പദത്തിന്റെ മലയാളം പരിഭാഷയാണ് സഹനശക്തി (ക്ഷമ). അതിന്റെ അർത്ഥം 'ഉറച്ച മനസ്സോടെ നിശബ്ദം സഹിക്കുക' എന്താണ്. കൊടിയ ദുരിതത്തിനിടയിലും

കാണിക്കുന്ന ഒരുതരം സഹനശക്തിയാണ് ഇത്. കഷ്ടതകളെയും, വേദനകളുടെയും, പരിശോധനകളുടെയും മദ്ധ്യേ ഇവരുടെ ജീവിതം പലപ്പോഴും ദുരിതപൂർണ്ണമാകുന്നു. ഒരിക്കൽപ്പോലും പ്രത്യാശ കൈവിടാതെ ഇക്കൂട്ടർ കർത്താവായ യേശുക്രിസ്തുവിൽ അടിയുറച്ച് വിശ്വസിക്കുന്നു.

2. അനുഭവജ്ഞാനം - (Dokima) ഡോക്കിമ എന്ന ഗ്രീക്ക് പദത്തിന്റെ മലയാള പരിഭാഷയാണ് അനുഭവജ്ഞാനമെന്നുള്ളത്. അല്പം കൂടെ വിശദമായി പറഞ്ഞാൽ അംഗീകരിക്കപ്പെടാൻ യോഗ്യമായ സ്വഭാവം എന്നാണ് അർത്ഥമാക്കുന്നത്. ക്ഷമയോടെ, കഷ്ടതകൾ സഹിക്കുന്നവർക്ക് കർത്താവ് അംഗീകരിക്കുന്ന സ്വഭാവത്തിലേക്ക് രൂപപ്പെട്ട് മാറാൻ കഴിയും.

3. പ്രത്യാശ സഹനശക്തിയും അംഗീകാരവും പ്രകൃത്യാ പ്രത്യാശയിലേക്ക് നയിക്കുന്നു. ആ പ്രത്യാശ യേശുക്രിസ്തുവിലും അവന്റെ രക്ഷയുടെ വാഗ്ദാനങ്ങളിലും വിശ്വസിക്കുന്നതിലൂടെ ലഭിക്കുന്നു. വിശ്വാസത്തോടെ യേശുവിൽ പറ്റിച്ചേർന്നു നില്ക്കുന്നിടത്തോളം കാലം മാനസാന്തരവും, അനുസരണവും അതോടെ പ്രത്യാശയും നമ്മിലുണ്ടാകുന്നു.

എല്ലാറ്റിനുപരി നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രത്യാശയാണുള്ളത്? യേശുവിൽ ആ പ്രത്യാശ എങ്ങനെ നിറവേറ്റപ്പെടുന്നു? അപ്രകാരം അതിനു കഴിയുമോ? അങ്ങനെ കഴിയാതിരുന്നാൽ, കൂടുതൽ പ്രത്യാശ അതിൽ അർപ്പിക്കാൻ കഴിയുമെന്ന് നിങ്ങൾക്ക് ഉറപ്പുണ്ടോ?

**തിങ്കൾ** **നവംബർ 6**

**പാപികൾ ആയിരിക്കുമ്പോൾ**

**വായിക്കുക: റോമ. 5:6-8.**

യേശുക്രിസ്തുവിന്റെ സ്വഭാവത്തെക്കുറിച്ച് ഈ വേദ ഭാഗം എന്തു പറയുന്നു ഈ ഭാഗത്ത് എന്തുകൊണ്ടാണ് ഇത്രയധികം പ്രത്യാശയുള്ളത്?

ആദാമും ഹവ്വയും, അപമാനകരവും ക്ഷമിക്കാൻ പറ്റാത്തതുമായ വിധത്തിൽ ദൈവീക നിയമങ്ങൾ ലംഘിച്ചു. വീണ്ടും സ്നേഹബന്ധത്തിലാകാൻ (പെരുത്തപ്പെടാൻ) ദൈവം ആദ്യത്തെ ചവിട്ടുപടി കയറി. അന്നുതൊട്ട് ദൈവം എല്ലായ്പ്പോഴും രക്ഷയ്ക്കായി ഒരു വഴി കാണിക്കുന്നതിനും, അത് സ്വീകരിക്കുന്നതിലേക്കും സ്ത്രീപരുഷന്മാരെ ക്ഷണിക്കുകയും അതിനായി മുൻകൈ എടുക്കുകയും ചെയ്തു. "എന്നാൽ കാല സമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു"

**ഗലാ. 4:4; റോമ. 5:9 ഇപ്രകാരം പറയുന്നു. "അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും." ദൈവകോപത്തിൽ നിന്നും നമുക്ക് യേശുവിൽക്കൂടെ രക്ഷപ്രാപിക്കാം. അതെന്താണെന്ന് നമുക്ക് എങ്ങനെ മനസ്സിലാക്കാം?**

മിസ്രീയിമിൽ നിന്നും വിട്ടുപോകുന്നതിന്റെ തലേ ദിവസത്തെ സായം സന്ധ്യയ്ക്ക് മിസ്രയിമീൽ താമസിച്ചിരുന്ന യിസ്രയേല്യരുടെ ഭവനങ്ങളുടെ കട്ടിളപ്പടിയിൽ രക്തം പുരട്ടിയിരിക്കുന്നു. മിസ്രയീമിൽ സംഭവിച്ച പത്തുബാധകളിൽ അവസാനത്തെ ബാധയായ കടിഞ്ഞൂൽ സംഹാരത്തിൽ അവരുടെ ആദ്യജാതൻ രക്ഷപ്പെട്ടു.

എന്നാൽ ദൈവകോപം മിസ്രയീമ്യരുടെ ആദ്യജാതരുടെമേൽ ഉണ്ടായി. ഇതു പോലെ യേശുക്രിസ്തുവിന്റെ രക്തം നീതീകരിക്കപ്പെട്ടവരുടെമേൽ, അവരുടെ ഈ പദവി തുടരുന്നിടത്തോളം കാലം, എന്നുവച്ചാൽ, അവസാനകാലത്ത്, ഭൂമിയിൽ നിന്നും പാപം നിർമ്മാർജ്ജനം ചെയ്യുന്നതുവരെ അവരെ സംരക്ഷിച്ചു കൊള്ളും.

സ്നേഹവാനായ ദൈവത്തിന് കോപം ഉണ്ടെന്നുള്ള കാര്യം ചില ആളുകൾക്ക് ഉൾക്കൊള്ളാൻ ആവുന്നില്ല. എന്നാൽ കൃത്യമായി പറഞ്ഞാൽ ദൈവത്തിന് സ്നേഹമുള്ളതുകൊണ്ടാണ് കോപവും ഉള്ളത്. ലോകത്തെ സ്നേഹിക്കുന്ന ദൈവ ത്തിന് പാപത്തോട് കോപം ഇല്ലാതിരിക്കുന്നത് എങ്ങനെ? അവൻ നമ്മോട് താത് പര്യക്കുറവ് കാണിക്കുന്നുണ്ടോ? ഇവിടെ സംഭവിക്കുന്നതിനെപ്പറ്റി അവന് വ്യാകുല തയില്ലേ? ലോകത്തിന് ചുറ്റിലും നോക്കി പാപംമൂലം ദൈവത്തിന്റെ സൃഷ്ടിക്ക് സംഭവിച്ച ദോഷങ്ങൾ ശ്രദ്ധിക്കുക. സമ്പൂർണ്ണ നാശവും, ദുഷ്കൃത്യങ്ങളും കണ്ടിട്ട് എങ്ങനെ ദൈവത്തിന് അടങ്ങിയിരിക്കാൻ കഴിയും?

**വേറെ എന്തൊക്കെ കാരണങ്ങൾ ആണ് നമ്മുടെ സന്തോഷത്തിനായി ദൈവം നൽകിയത്? റോമ.5:10,11.**

ചില വേദപുസ്തക പണ്ഡിതന്മാർ റോമ. 5:10 ൽ, യേശുക്രിസ്തു ഭൂമിയിൽ എങ്ങനെ ജീവിച്ചു എന്നതിന് ചില സൂചനകൾ തരുന്നു. ഈ ഭൂമിയിൽ യേശു ക്രിസതുവിന്റെ ജീവിതം ശരിക്കും യോജിക്കുന്ന തരത്തിൽ ആണ്. അത് നമുക്ക് നമ്മുടെ കണക്കിൽ മുതൽ കൂട്ടാണ്. യഥാർത്ഥത്തിൽ ഇതുതന്നെയാണ് യേശു ക്രിസ്തുവിന്റെ ഈ ഭൂമിയിലെ സമ്പൂർണ്ണ ജീവിതംകൊണ്ട് സാധിച്ചത്. പൗലൊസ് കൂടുതൽ ഊന്നിപ്പറയുന്ന ഭാഗം യേശുക്രിസ്തു മരിച്ചു, അവൻ ഉയിർത്തെഴന്നേറ്റു, അവൻ എന്നന്നേക്കുമായി ജീവിക്കുന്നു. യേശുക്രിസ്തു ജീവിക്കുന്നതിനാലാണ് നമ്മൾ രക്ഷ പ്രാപിച്ചത്. കല്ലറയിൽ, അവൻ തുടർന്നിരുന്നെങ്കിൽ നമ്മുടെ പ്രത്യാശ നശിക്കുമായിരുന്നു. നാമും അവനോടൊപ്പം നഷ്ടപ്പെടുമായിരുന്നു റോമ.5:11 തുടരുന്നു. യേശുവിൽ സന്തോഷിക്കാൻ നമുക്ക് അവസരം ഉണ്ട്. അതെങ്ങനെ സാദ്ധ്യമാകും? യേശു കാൽവറിയിൽ സാധിച്ച വലിയ രക്ഷ മുഖാന്തരം നമുക്ക് യേശുവിൽ സന്തോ ഷിക്കാം.

**ചൊവ്വ** **നവംബർ 7**

**പാപം മൂലം മരണം.**

മരണം നമ്മുടെ അവസാനത്തെ ശത്രുവാണ്. മനുഷ്യകുലത്തെ സൃഷ്ടിച്ച പ്പോൾ അതിലെ അംഗങ്ങൾ എല്ലാം നിത്യതയോളം ജീവിക്കണമെന്നാണ് ദൈവം വിഭാവനം ചെയ്ത്. ഏതാനും ചിലർ, ചില പ്രത്യേക സാഹചര്യങ്ങൾ ഒഴിച്ച്, ആരും മരിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇനിയും ആരെങ്കിലും അങ്ങനെ ചെയ്താൽ, അത് ഏറ്റവും കടുത്ത വേദനമൂലമോ, അല്ലെങ്കിൽ അതി കഠിനമായ സമ്മർദ്ദംമൂലമോ ആയിരിക്കും. മരണം നമ്മുടെ അടിസ്ഥാന സ്വഭാവത്തിന് എതിരാണ്. കാരണം നിത്യതയോളം ജീവിക്കാനാണ് ആദി മുതൽ നാം സൃഷ്ടിക്കപ്പെട്ടത്. മരണം അന്ന് അജ്ഞാതമായിരുന്നു.

**റോമ. 5:12 വായിക്കുക. എന്താണ് പൗലൊസ് ഇവിടെ വിവരിക്കന്നത്? എന്തിനാണ് ഇവിടെ കൂടുതൽ വ്യക്തത വരുത്തുന്നത്?**

വേദ പണ്ഡിതന്മാരും, ചിന്തകന്മാരും, ഈ വേദഭാഗത്തെ മറ്റ് ഏത് വേദഭാഗങ്ങളെക്കാളും കൂടുതൽ വിമർശിച്ചിട്ടുണ്ട്. ഒരു പക്ഷേ അതിന്റെ കാരണം SDA Bible Commentary Vol.6, P. 529 ൽ സൂചിപ്പിക്കുന്നതുപോലെ, "ഈ വിമർശകരും, ചിന്തകരും പൗലൊസിന്റെ ലക്ഷ്യത്തിനപ്പുറം, ഈ വേദഭാഗങ്ങൾ മറ്റു താല്പര്യങ്ങൾക്ക് ഉപയോഗിച്ചതുകൊണ്ടാകാം."

അവർ വിമർശിച്ച ഒരു കാര്യം, ആദാമിന്റെ പാപം എങ്ങനെ അവന്റെ ഭാവിതലമുറയ്ക്ക് കൈമാറി? ആദാമിന്റെ പിൻഗാമികൾ ആദാമിന്റെ പാപത്തിന്റെ പങ്കു വഹിച്ചോ? അതോ ദൈവസന്നിധിയിൽ അവർ ചെയ്ത പാപത്തിന്റെ കുറ്റബോധമാണോ അവരിൽ ഉണ്ടായിരുന്നത്? ഈ വചനഭാഗത്തുനിന്നും മേൽ ഉദ്ധരിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടുപിടിക്കാൻ പണ്ഡിതന്മാർ ശ്രമിച്ചു. എന്നാൽ ഈ വിഷയമല്ല പൗലൊസിന്റെ മുമ്പിൽ ചർച്ചയ്ക്ക് ഉള്ളത്. പൗലൊസിന്റ മനസ്സിൽ വേറൊരു വിഷയമാണുള്ളത്. പൗലൊസ് നേരത്തെ സൂചിപ്പിച്ച വിഷയം വീണ്ടും അത്യധികം ഊന്നൽ കൊടുത്തുകൊണ്ട് ഇവിടെ സംസാരിക്കുന്നു (റോമ. 3:23). "എല്ലാവരും പാപം ചെയ്തു" നമ്മൾ പാപികളാണെന്നുള്ള സത്യം നാം ഉൾകൊള്ളണം. അതുമാത്രമാണ് നമുക്കൊരു രക്ഷകന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നത്. പാപം എത്ര കഠിനതരം ആണെന്നും ആദാമിന്റെ പാപം മൂലം ഈ ഭൂമിയിൽ സംഭവിച്ച അശാന്തി എത്ര വലുതാണെന്നും പൗലൊസ് തന്റെ വായനക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ആദാം മൂലം സംഭവിച്ച ഈ ദുരന്തത്തിന് പരിഹാരമായി ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിൽക്കൂടെ എന്താണ് ഈ ലോകത്തിന് നൽകിയതെന്ന് പൗലൊസ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഈ വേദഭാഗം ആദാമിന് സംഭവിച്ച മരണം എന്ന പ്രശ്നം മാത്രമേ കൈകാര്യം ചെയ്യുന്നുള്ളു. യേശുക്രിസ്തുവാണ് പരിഹാരം. സുവിശേഷത്തിന്റെ ഏറ്റവും പ്രഭാപൂരിതമായ സത്യം, മരണം അതിന്റെ ഘോരഭാവത്തോട് ജീവനിൽ ലയിച്ച് ഇല്ലാതായി. യേശുക്രിസ്തു ശവകൂടീരത്തിന്റെ വാതിലിൽക്കൂടി കടന്ന് അതിന്റെ ബന്ധനങ്ങളെ പൊട്ടിച്ചു കളഞ്ഞു. അവൻ ഇപ്രകാരം പറഞ്ഞു (വെളി. 1:18). യേശുക്രിസ്തുവിന്റെ കയ്യിൽ മരണത്തിന്റെയും പതാളത്തിന്റെയും താക്കോൽ ഉള്ളതുകൊണ്ട് ശത്രുവിന് ഇനിയും തന്റെ ഇരകളെ ശവക്കല്ലറകളിൽ തളച്ചിടാൻ കഴിയുകയില്ല.

**മരണം എന്ന ദുരന്ത യാഥാർത്ഥ്യത്തെപ്പറ്റി നിങ്ങളുടെ അനുഭവം എന്താണ്? ഇത്രയും ക്രൂരനായ ഒരു ശത്രുവിനെയും മരണം എന്ന ദുരവസ്ഥയെയും അഭിമുഖീകരിക്കുമ്പോൾ, നമ്മെക്കാളും ലോകത്തിന് നൽകാൻ കഴിയുന്ന എല്ലാ വാഗ്ദാനങ്ങളെക്കാളും മെച്ചമായ ഒരു വൻപ്രത്യാശ ഉണ്ടെന്ന് നാം വിശ്വസിക്കുന്നത് എന്തുകൊണ്ട്?**

**ബുധൻ** **നവംബർ 8**

**ആദാം മുതൽ മോശെവരെ.**

**വായിക്കുക.** റോമ. 5:13,14 ഇവിടെ എന്താണ് പൗലൊസ് ന്യായപ്രമാണത്തെക്കുറിച്ച് പഠിപ്പിക്കുന്നത്?

ഈ വേദഭാഗത്ത് എന്തിനെപ്പറ്റിയാണ് പൗലൊസ് സംസാരിക്കുന്നത്? ന്യായപ്രമാണംവരെ എന്ന പദസമുച്ചയം, ആദാം മുതൽ മോശെവരെ എന്ന പദസമുച്ചയത്തിന് സമാന്തരമായി പോകുന്നു. സൃഷ്ടിപ്പു മുതൽ സീനായിവരെ എന്നുവച്ചാൽ യെഹൂദന്റെ അനുഷ്ഠാനപരമായ ന്യായപ്രമാണത്തെപ്പറ്റിയും പത്തു കല്പനയെപ്പറ്റിയുമാണ് പൗലൊസ് ഇവിടെ പരിചയപ്പെടുത്തുന്നത്.

'ന്യായപ്രമാണം വരെ' എന്നുവച്ചാൽ സീനായിൽ യിസ്രായേലിന് നൽകിയ ദൈവത്തിന്റെ വ്യവസ്ഥകൾ അടങ്ങിയ ന്യായപ്രമാണത്തിന്റെ, വിശദാംശങ്ങൾ കൊടുക്കുന്നതുവരെ എന്താണ് അർത്ഥമാക്കുന്നത്. പാപം സീനായിക്ക് മുമ്പേ നിലനിന്നിരുന്നു. അങ്ങനെ അല്ലതാകുന്നത് എങ്ങനെയാണ്. കള്ളം പറയുന്നത്, കൊല്ലുന്നത്, വ്യഭിചാരം ചെയ്യുന്നത്, വിഗ്രഹാരാധന ഇവയൊക്കെ അതിനു മമ്പേ തന്നെ പാപം ആയത് എങ്ങനെ? തീർച്ചയായും അവയൊക്കെ പാപം തന്നെ ആയിരുന്നു.

സീനായിക്കു മുമ്പ്, മനുഷ്യ വർഗ്ഗത്തിന്, ദൈവത്തെക്കുറിച്ചുള്ള അറിവ് വളരെ പരിമിതമായിരുന്നു എന്നത് സത്യം തന്നെ. എന്നാൽ എല്ലാ കാര്യങ്ങളുടെയും ഉത്തരവാദിത്തം അവരവർക്കുതന്നെ എന്ന് വ്യക്തതയുണ്ടായിരുന്നു. ദൈവം നീതിമാനാണ്. ആരെയും നീതിരഹിതമായി ദൈവം ശിക്ഷിക്കയില്ല. പൗലൊസ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ സീനായി കാലഘട്ടത്തിനു മുമ്പേ ആളുകൾ മരിച്ചിരുന്നു. മരണം എല്ലാവരിലും സംഭവിച്ചു. അന്നു ജീവിച്ചിരുന്ന ആളുകൾ വ്യക്തമായി രേഖപ്പെടുത്തപ്പെട്ട പ്രമാണത്തിന് എതിരായി മനഃപൂർവ്വം പാപം ചെയ്തിട്ടില്ല. എന്നാൽ അവർ പാപം ചെയ്തിട്ടില്ല എന്ന് നിസ്സംശയം പറയാൻ സാദ്ധ്യമല്ല. പ്രകൃതിയിൽക്കൂടെ അവർക്ക് ദൈവത്തിന്റെ വെളിപ്പെടുത്തൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അവർ അതിന് പ്രതികരിച്ചിരുന്നില്ല. അത് അവർക്ക് പാപമായി കണക്കിട്ടു. "അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യ ലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടു വരുന്നു. അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ" (റോമ.1:20).

**ന്യായ പ്രമാണത്തിൽക്കൂടെ ദൈവം കൂടുതൽ വെളിപ്പെടുത്തിയത് എന്തുകൊണ്ടാണ്?**

മുന്നമേതന്നെ നിലനിന്നിരുന്നെങ്കിലും സീനായിൽ ന്യായപ്രമാണം കൊടുത്തപ്പോൾ അതിൽ സാന്മാർഗ്ഗിക നിയമങ്ങൾ അടങ്ങിയിരുന്നു. തിരുവചനപ്രകാരം ഇവിടെ ആദ്യമായിട്ടാണ് ന്യായപ്രമാണം എഴുതിയതും, വ്യാപകമായി വിജ്ഞാപനം ചെയ്തതും.

യിസ്രായേല്യർ അവരെയും അവർ ചെയ്യണമെന്ന് ദൈവം ആവശ്യപ്പെടുന്ന വ്യവസ്ഥകളെയും താരതമ്യം ചെയ്തു നോക്കുമ്പോൾ, അവർക്ക്, കുറവുള്ളതായി ബോദ്ധ്യപ്പെട്ടു. വേറൊരർത്ഥത്തിൽ പറഞ്ഞാൽ അവരുടെ തെറ്റുകൾ വർദ്ധിച്ചുകൊണ്ടെയിരുന്നു. അവരുടെ ലംഘനങ്ങളുടെ ആധിക്യം വളരെ വേഗം അവർ മനസ്സിലാക്കി. അങ്ങനെയൊരു വെളിപ്പാടിന് ദൈവം അവർക്ക് അവസരം ഒരുക്കിക്കൊടുത്തു. അതിനു കാരണം, അവർക്ക് ഒരു രക്ഷകനെ ആവശ്യമുണ്ടെന്ന് ബോദ്ധ്യപ്പെട്ടണം. തദ്വാര ദാനമായി ലഭിക്കുന്ന കൃപ ദൈവത്തിൽനിന്നും സ്വീകരിക്കാൻ

അവരുടെ ഹൃദയത്തിന് അഭിവാഞ്ചയുണ്ടാകണം. നേരത്തെ സൂചിപ്പിച്ചതുപോലെ, പഴയനിയമ പ്രകാരമുള്ള വിശ്വാസം നിയമാനുസൃതമല്ല.

**നിങ്ങളുടെ സ്വന്തം രാജ്യത്തുള്ള നിയമാവലികളിൽ തെറ്റിനെയും, ശരിയെയും കുറിച്ചുള്ള ഒരു മാനുഷിക ധാരണ എപ്രകാരം വെളിവാകുന്നു മാനുഷിക നിയമങ്ങൾ അപ്രകാരം പാലിക്കപ്പെടുന്നെങ്കിൽ ദൈവത്തിന്റെ നിത്യനിയമങ്ങൾ എപ്രകാരം പാലിക്കപ്പെടണം?**

**വ്യാഴം** **നവംബർ 9**

**രണ്ടാം ആദാം യേശുക്രിസ്തു**

**റോമ. 5:18,19. "അങ്ങനെ ഏക ലംഘനത്താൽ സകല മനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകല മനുഷ്യർക്കും ജീവ കാരണമായ നീതീകരണവും വന്നു. ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും" എന്തു വൈരുദ്ധ്യമാണ് ഇവിടെ അവതരി പ്പിച്ചിരിക്കുന്നത്? കർത്താവിൽ എന്തു പ്രത്യാശയാണ് നമുക്കുള്ളത്?**

മനുഷ്യരെന്ന നിലയിൽ ഒരു നന്മയും ആദാമിൽ നിന്നും ലഭിച്ചില്ല. എന്നാൽ ലഭിച്ചതോ മരണശിക്ഷ. കർത്താവായ യേശുക്രിസ്തു ആ സ്ഥാനത്ത് ആദാം പരാജയപ്പെട്ട സ്ഥാനത്ത് കടന്നുവന്നു. മനുഷ്യർ അനുഭവിക്കേണ്ട എല്ലാ പരീക്ഷകളും നിശ്ശബ്ദം സഹിച്ചു. ആദാമിൽക്കൂടെയുണ്ടായ എല്ലാ അപമാനകരമായ പരാജയ ങ്ങളും, വീഴ്ചകളും ഏറ്റെടുത്ത് യേശുക്രിസ്തു നമ്മുടെ പകരക്കാരനായി നമ്മെ വീണ്ടെടുത്തു. ദൈവവുമായി ഏറ്റവും വ്യക്തമായ കാഴ്ച ലഭിക്കുന്ന സ്ഥലത്ത് നമ്മെ എത്തിച്ചു. അതുകൊണ്ടാണ് യേശുക്രിസ്തു രണ്ടാം ആദാം ആയത്.

"രണ്ടാം ആദാം തന്റെ സ്വഭാവത്തിന് നേരിട്ട് ഉത്തരവാദിയാകുന്ന ഒരു സ്വതന്ത്ര വ്യക്തിയാണ്. ഒന്നാം ആദാമിനെപ്പോലെ പാപരഹിത ജീവിതത്തിന് അനുകുല സാഹചര്യമായിരുന്നില്ല രണ്ടാം ആദാമിന് ഉണ്ടായിരുന്നത്. നേര മറിച്ച് എല്ലാ അർത്ഥത്തിലും തെറ്റിപ്പോകാവുന്ന സാഹചര്യങ്ങളുടെ വളരെ ശക്തമായ സമ്മർദ്ദ ങ്ങൾ അവന്റെ ചുറ്റിലുമുണ്ടായിരുന്നു. എന്നിട്ടും, പാപികളുടെ മദ്ധ്യേ, നേരിട്ട എല്ലാ പരീക്ഷകളെയും ചെറുത്തു നിന്നും പ്രതിരോധിച്ചു. അവന്റെ നിഷ്കളങ്കത്വം അവൻ സംരക്ഷിച്ച് നില നിർത്തി. എല്ലായ്പോഴും അവൻ പാപരഹിതനായി ജീവിച്ചു. EGW, Comments, The SDA Bible Commentary, Vol, 6. P 1074.

**റോമ. 5:15-19 വരെയുള്ള തിരുവചന ഭാഗങ്ങൾ ആദാമിന്റെയും യേശു ക്രിസ്തുവിന്റെയും പ്രവൃത്തികൾ തമ്മിലുള്ള അന്തരം എങ്ങനെയാണ് പ്രകടിപ്പി ച്ചിരിക്കുന്നത്.**

ഇവിടെ കാണുന്ന വിപരീത ആശയങ്ങളെ ശ്രദ്ധിയ്ക്കുക. മരണം-ജീവിതം, അനുസരണക്കോട് - അനുസരണം, ശിക്ഷാവിധി - നീതീകരണം, പാപം - വിശുദ്ധി തുടങ്ങി അന്യോന്യം എതിരിടുന്ന ആശയങ്ങളാണ് ഇവയെല്ലാം. ആദാം ചെയ്ത എല്ലാ പ്രവൃത്തികളും നിഷ്ക്രിയമാക്കാനാണ് യേശുക്രിസ്തു വന്നത്.

ദാനം എന്ന പദം റോമ. 5:15-17 വരെയുള്ള വാക്യങ്ങളിൽ അഞ്ചു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് എന്നത് ആ പദത്തിന്റെ ആകർഷണീയത നമ്മെ ഓർമ്മിപ്പിക്കുന്നു.

അഞ്ചു പ്രാവശ്യം ഉപയോഗിച്ചു എന്നത് വളരെ നിസ്സാരമല്ല. എന്നാൽ ആശയം വളരെ ലാഘവത്വം ഉള്ളതാണ്. നീതീകരണം നമുക്ക് നേടാൻ കഴിയുന്നതല്ല എന്നാണ് പൗലൊസ് ചൂണ്ടിക്കാണിക്കുന്നത്. അത് ദാനമായി നമുക്ക് ലഭിക്കുന്നതാണ്. നമ്മുടെ മഹത്വം കൊണ്ടോ, മേന്മകൊണ്ടോ ലഭിക്കുന്നതല്ല. മാത്രമല്ല നമുക്ക് അതിനുള്ള അർഹതയും ഇല്ല. മറ്റെല്ലാ ദാനങ്ങളും നമ്മൾ പോയി സ്വീകരിക്കണം എന്നാൽ ഇവിടെ പൗലൊസ് പറയുന്ന ദാനം വിശ്വാസത്താൽ ചോദിച്ചു വാങ്ങണം

**നിങ്ങൾക്ക് ലഭിച്ചതിൽ വെച്ച് ഏറ്റവും സവിശേഷതയുള്ള സമ്മാനം എന്താണ്? അത് അത്രയും മികച്ചതാകാൻ കാരണമെന്താണ്?. അതൊരു സമ്മാനമായത് എന്തുകൊണ്ടാണ്? നിങ്ങൾ നേടിയവയെക്കാൾ വിലയേറിയ താകാൻ കാരണമെന്ത്? കൂടുതൽ അഭിമാനം തോന്നാൻ കാരണമെന്ത്? ആ സമ്മാനം ദൈവത്തിൽനിന്നും ലഭിക്കുന്ന ദാനവുമായി എങ്ങനെ താരതമ്യം ചെയ്യാം?**

**വെള്ളി** **നവംബർ 10**

**കൂടതൽ ചിന്തയ്ക്ക്: വായിക്കുക.** EGW, "Help in Daily Living" PP. 470-472, in The Ministry of Healing; "Christ the Center of the Messages PP. 383, 384, in selected Messages book 1; "The Temptation and Fall" PP. 60-62, in Patriarchs and Prophets; "Justification," PP.712-714, in The SDA Encyclopaedia.

"അനേകമാളുകൾ അവരുടെ ഹൃദയ വ്യാപാരത്തിനനുസരണമായാണ് ചതിക്കപ്പെടുന്നത്. പ്രകൃതിദത്തമായ അവരുടെ ഹൃദയം എല്ലാറ്റിനെക്കാളും വഞ്ചനയുള്ളതും, തികച്ചും അപകടകരമായതും, ദുഷ്ടതനിറഞ്ഞതും ആണെന്ന് അവർ അറിയുന്നില്ല. സ്വയം നീതിയാൽ അവർ ചുറ്റപ്പെട്ടിരിക്കുന്നു. സ്വഭാവത്തിൽ സ്വന്ത നിലവാരത്തിൽ എത്തുന്നതിൽ തൃപ്തരാകുന്നു" EGW, Selected Messages, book 1, P 320.

യേശുക്രിസ്തുവാണ് ഏക രക്ഷാമാർഗ്ഗവും, പ്രത്യാശയുമെന്ന് ലോകത്തോട് പ്രസംഗിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിശ്വാസത്തിലൂടെ നീതീകരണം എന്ന അടിസ്ഥാന വിശ്വാസപ്രമാണം ആദ്യമായി അവതരിപ്പിക്കപ്പെട്ടപ്പോൾ, അത് അനേകർക്ക്, ദാഹിച്ചു വലഞ്ഞ യാത്രികർക്ക് നീരുറവപോലെ അനുഭവപ്പെട്ടു. യേശുക്രിസ്തുവിന്റെ നീതി നമ്മുടെമേൽ പകരുമ്പോൾ, അത് നമ്മുടെ ഭാഗത്തുള്ള ഒരു മേന്മകൊണ്ടും അല്ല. പിന്നെയോ ദൈവത്തിന്റെ ദാനം ആണ് എന്ന അറിവ് എത്ര മഹനീയമായ ചിന്തയാണ്.

"വരുവാനുള്ളവന്റെ പ്രതിരൂപം ആരാണ്?" (റോമ. 5:14) ആദാം ദൈവത്തിന്റെ പ്രതിരൂപമായത് എങ്ങനെയാണ്? ആദ്യം തന്റെ പിൻഗാമികൾക്ക് മരണത്തിന് കാരണമായി. പിൻഗാമികൾ ആരും തന്നെ വിലക്കപ്പെട്ട കനി ഭക്ഷിച്ചില്ല. അതുകൊണ്ട് യേശുക്രിസ്തു അവനിൽ വിശ്വസിക്കുന്ന ഏവർക്കും നീതി കൊടുക്കുന്നവനാകണം. അവരാരും നീതിക്ക് യോഗ്യരായില്ലെങ്കിൽപ്പോലും, ക്രൂശുമുഖാന്തരം യേശുക്രിസ്തു എല്ലാവർക്കും വേണ്ടി നീതി കരസ്ഥമാക്കി. ആദാമിന്റെ ലംഘനം പ്രതിരൂപമായി നമ്മിൽ ഉണ്ട്. അതുകൊണ്ട് ആദാം പാപം ചെയ്തു മരിച്ചതുപോലെ നമ്മളും മരിക്കേണ്ടതാണ്. യേശുക്രിസ്തുവിന്റെ പ്രതിരൂപം നമ്മളിലുള്ളതുകൊണ്ടും യേശുക്രിസ്തുവിന്റെ നീതി നമ്മളിൽ നിവർത്തിച്ചിരിക്കുന്നതു

കൊണ്ടും, നിലനില്ക്കുന്നതുകൊണ്ടും നമ്മളും ജീവിക്കണം.” Martin Luther, Commentary on Romans, PP. 96,97.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. ഉദ്ധരണിയിൽ താഴെ പറയുന്ന, Ellen G. White ന്റെ എഴുത്തുകൾ എങ്ങനെ നാം മനസ്സിലാക്കുന്നു?

   “ദൈവവചനം കൂടുതൽ പഠിക്കേണ്ടത്, ശ്രദ്ധയോടെ പഠിക്കേണ്ടത് ആവശ്യം ആണ്. പ്രത്യേകിച്ച് ദാനിയേൽ പ്രവചനവും, വെളിപ്പാടും നേരത്തേക്കാളും കൂടുതൽ ശ്രദ്ധയോടെ പ്രത്യേകിച്ച് നമ്മുടെ വേലയോട് ബന്ധപ്പെട്ട് പഠിക്കേണ്ടതാണ്. റോമൻ ശക്തിയേക്കുറിച്ചും പാപാത്വ പ്രഭാവത്തെക്കുറിച്ചും ഒരു പക്ഷേ നമുക്ക് വളരെക്കുറച്ചുമാത്രമേ പറയുവാൻ കാണുകയുള്ളൂ. എന്നാൽ പ്രവാചകന്മാരും, അപ്പൊസ്തോലന്മാരും പരിശുദ്ധാത്മ പ്രേരിതമായി എഴുതിയിട്ടുള്ള പ്രവചനങ്ങൾക്കും സുവിശേഷങ്ങൾക്കും കൂടുതൽ ശ്രദ്ധ കൊടുത്ത് പഠിക്കേണ്ടിയിരിക്കുന്നു” EGW, Evangalism, P 577.

2. മരണത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ചിന്തിക്കുക. ജീവിതത്തെപ്പറ്റി മാത്രമല്ല അതിന്റെ അർത്ഥത്തെക്കുറിച്ചും നാം ചിന്തിക്കണം. അനേകം എഴുത്തുകാരും, തത്വജ്ഞാനികളും ജീവിതത്തിന്റെ അന്തിമമായ അർത്ഥമില്ലായ്മയെപ്പറ്റിയോർത്ത് വിലപിച്ചിട്ടുണ്ട്. കാരണം ജീവിതം നിത്യമരണത്തിലേയ്ക്ക് അവസാനിക്കുന്നു. ഈ ചിന്തയോട് ക്രിസ്ത്യാനി എങ്ങനെ പ്രതികരിക്കുന്നു? ജീവിതത്തിന്റെ അർത്ഥശൂന്യതയ്ക്കുള്ള ഏക മറുപടി കർത്താവായ യേശുക്രിസ്തുവിലുള്ള പ്രത്യാശയാണെന്ന് പറയാനുള്ള കാരണമെന്താണ്?

3. ആദാമിന്റെ വീഴ്ചയുടെ ആഘാതം നമ്മളിലും പ്രകമ്പനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ യേശുക്രിസ്തുവിന്റെ കാൽവറിയിലെ വിജയം നമുക്കെല്ലാവർക്കും നിത്യജീവന്റെ വാഗ്ദത്തം ഉറപ്പാക്കിയിട്ടുണ്ട്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉറപ്പാണ്. ഇത്ര മഹത്തായ ഒരു മാർഗ്ഗം നമുക്കായി ദൈവം ഒരിക്കിയിട്ടുണ്ട്. ആളുകളെ, ആകാംക്ഷയോടെ അത് ചോദിച്ചു വാങ്ങുന്നതിൽ നിന്നും പിന്നോട്ടു വലിക്കുന്നത് പിന്നെ എന്താണ്? യേശുക്രിസ്തുവിനെയും, അവന്റെ ദാനത്തെയുംക്കുറിച്ച് പഠിക്കാൻ താല്പര്യമുള്ളവരെ നമുക്ക് എങ്ങനെ സഹായിക്കാൻ കഴിയും?